പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **7866** — 23.07.2012 ൽ മറുപടിയ്ക്ക്

## താമരക്കുളം വി.വി.എച്ച്.എസിന് സമീപം നടന്ന അക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് താമരക്കുളം വി.വി.എച്ച്.എസ്.-ൽ എസ്.എഫ്.ഐ. യുടെ കൊടി നശിപ്പിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ; | (എ) | ചാരുംമൂട് താമരക്കുളം വി.വി. എച്ച്.എസ്.-ൽ എസ്.എഫ്.ഐ. യുടെ കൊടി നശിപ്പിച്ചതു സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല, ആയതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | ഏത് വകുപ്പുപ്രകാരമാണ് കേസ് ചുമത്തിയിരിക്കുന്നത് ; ഇതിനു പിന്നാലെ 27-6-12-ൽ പ്രസ്തുത സ്കൂൾ പരിസരത്തോട് ചേർന്ന് ട്യൂഷൻ സെന്റർ നടത്തുന്ന പ്രശാന്തിനെയും ഭാര്യയേയും ആക്രമിച്ചതിൽ കേസെടുത്തിട്ടുണ്ടോ ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത് ; ആരൊക്കെയാണ് പ്രതികൾ ; | (ബി) | ഇക്കാര്യത്തിന് 27.06.2012-ൽ സുനിതയുടെ മൊഴി രേഖപ്പെടുത്തി നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 531/12 U/s 143, 147, 148, 149, 451, 294(b), 354, 323, 324, 506(ii) IPC വകുപ്പുകൾ പ്രകാരം സ/ശ്രീ. തൻസീർ, സജീവ്, റിയാസ്, നസിം, മറ്റു പത്തുപേരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (സി) | പ്രസ്തുത സംഭവത്തിനുശേഷം അതേ തീയതിയിൽ രാത്രിയിൽ വി.വി.എച്ച്.എസിലെ എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയുടെ വീടാക്രമിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; | (സി) | പ്രസ്തുത സംഭവത്തിനു പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

....2

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സംഭവത്തിന്റെ ഭാഗമായി വി.വി.എച്ച്.എസിലെ വിദ്യാർത്ഥിയെ ആക്രമിച്ച് കാലിന് ഗുരുതരമായി പരിക്കേല്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അക്രമികൾക്കെതിരെ കേസെടുത്തിട്ടുണ്ടോ ; ഏതൊക്കെയാണ് വകുപ്പുകൾ ; | (ഡി) | പ്രസ്തുത സംഭവത്തിനും പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | പ്രസ്തുത കേസുകളിലെയെല്ലാം പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ളവരാണോ ; കെ.എസ്.യു., യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് ആക്രമണത്തിനു പിന്നിലെന്ന് വിവരം ലഭ്യമായിട്ടുണ്ടോ ; | (ഇ) | പ്രസ്തുത കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ ആഭിമുഖ്യം അന്വേഷിച്ചിട്ടില്ല. |
| (എഫ്) | ഇവർക്കെതിരെ കേസെടുക്കാത്തത് എന്തുകൊണ്ടാണ് ; ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ സമ്മർദ്ദം കേസെടുക്കാത്തതിന് കാരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എഫ്) | പരാതി ലഭിച്ചിട്ടുള്ള കേസ്സുകളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരുടേയും രാഷ്ട്രീയ സമ്മർദ്ദം മൂലമല്ല കേസ് രജിസ്റ്റർ ചെയ്യാത്തത്. |
| (ജി) | കുറ്റക്കാർക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; | (ജി) | കുറ്റക്കാർക്കെതിരെ പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (എച്ച്) | നിരന്തരമായി ഇത്തരം പ്രവർത്തനത്തിന് നേതൃത്വവും, ഗൂഢാലോചനയും നടത്തുന്ന പ്രസ്തുത പ്രതികളെ ഗുണ്ടാ ലിസ്റ്റിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (എച്ച്) | നിരന്തരമായി കുറ്റകൃത്യങ്ങൾക്ക് നേതൃത്വവും ഗൂഢാലോചനയും നടത്തുന്നവരെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ